പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2593 **28-10-2026-ൽ മറുപടിയ്ക്ക്**

പള്ളിക്കത്തോട് ഐ.റ്റി.ഐ.-യുടെ സ്ഥലം പ്രദേശവാസികൾക്ക് വഴിക്ക് വിട്ടുനൽകാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റോണി. കെ. ബേബി ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ പള്ളിക്കത്തോട് ഐ.റ്റി.ഐ.-യ്ക്ക് കീഴിലുള്ള സ്ഥലത്തുകൂടി പ്രദേശവാസികൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ വഴി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ ഇതേ വരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

മറുപടി: കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ പള്ളിക്കത്തോട് ഐടിഐ ചുറ്റുമതിൽ നിർമ്മാണത്തെ തുടർന്ന് വഴിത്തർക്കം ഉണ്ടാകുകയും, ഐടിഐ കോമ്പൗണ്ടിന്റെ പുറം അതിര് ഭാഗത്ത് കൂടി പൊതുവഴി അനുവദിക്കുന്നതിനായി പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ സമർപ്പിച്ച നിവേദനത്തിന്മേൽ റവന്യൂ വകുപ്പ് മുഖാന്തിരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) നിലവിൽ പ്രസ്തുത വഴിയുടെ ഏകദേശം മുക്കാൽ ഭാഗത്തോളവും പഞ്ചായത്തിന് കൈമാറിയിട്ടും നാട്ടുകാർ ഉപയോഗിക്കുന്ന ബാക്കി വഴിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിന് കൈമാറാത്തത് എന്തുകൊണ്ടാണ്;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത വഴിയുമായി ബന്ധപ്പെട്ട ഭൂമി അളന്ന് തിരിച്ച് കൈമാറാത്തതിനെത്തുടർന്ന് പള്ളിക്കത്തോട് ഐ.റ്റി.ഐ.-യിലെ പുതുതായി നിർമ്മിച്ച വനിതാ ഹോസ്റ്റലിന് ചുറ്റുമതിൽ നിർമ്മിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത ഹോസ്റ്റൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: ഉണ്ട്. ചുറ്റുമതിൽ നിർമ്മാണത്തിനു ഭരണാനുമതി ലഭ്യമായെങ്കിലും വഴി തർക്കം നിലനിന്നിരുന്നതിനാൽ നിർമ്മാണ പ്രവൃത്തി നിർത്തി വച്ചിരുന്നു. വഴിതർക്കം പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പ് മുഖാന്തിരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത വിഷയം പരിഹരിക്കുന്നമുറയ്ക്ക് ചുറ്റുമതിൽ നിർമ്മാണം പുനരാരംഭിച്ച് ഫർണിച്ചറുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി വനിതാ ഹോസ്റ്റൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതാണ്. നിലവിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് പ്രവർത്തിക്കുന്നുണ്ട്.

(ഡി) ടി വിഷയം പരിഹരിക്കുന്നതിനായി ഐ.റ്റി.ഐ.-യുടെ കൈവശമുള്ള ഏകദേശം 10 സെന്റോളം സ്ഥലം വഴിക്കായി വിട്ടു നൽകി ബാക്കി ഭൂമി അളന്നു തിരിച്ച് ചുറ്റുമതിൽ കെട്ടി വനിതാ ഹോസ്റ്റലും സ്റ്റാഫ് കോർട്ടേഴ്സും അടിയന്തരമായി തുറന്നു കൊടുക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ